**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനിയിലേക്കുള്ള വഴി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി കോളനിയിലേക്കുള്ള വഴി നിർമ്മാണത്തിനായി ഏതൊക്കെ ഫണ്ടുകൾ ഉപയോഗിക്കാം എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ വകുപ്പുകൾ/ഏജൻസികൾ മുഖാന്തിരമാണ് ഇവിടങ്ങളിൽ വഴികൾ നിർമ്മിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന SCSP ഫണ്ട്, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ വിനിയോഗിച്ചാണ് നിർവ്വഹണം നടത്തുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികൾ ത്രിതല പഞ്ചായത്തുകൾ മുഖാന്തിരമാണ് നടപ്പാക്കി വരുന്നത്. കൂടാതെ എം.പി./എം.എൽ.എ ഫണ്ടുകളും വിനിയോഗിക്കാവുന്നതാണ്. |
| (ബി) | കോളനിക്കുള്ളിലെ വഴി പോലെ തന്നെ പ്രാധാന്യമുള്ള കോളനിയിലേക്ക് എത്തിച്ചേരുന്ന വഴിക്കും എസ്.സി. ഫണ്ട് വകയിരുത്തുന്നതിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; | (ബി) | പട്ടികജാതി കോളനി/ സങ്കേതങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ താഴെ വിശദമാക്കുന്ന നിബന്ധനകൾ പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താൻ സാധിക്കുന്നതാണ്. എ) വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% ൽ അധികം പട്ടികജാതിക്കാരാണെങ്കിൽ ആ പ്രൊജക്ടിന് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. ബി) മുൻഖണ്ഡികയിൽ പ്രതിപാദിച്ച തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50% ൽ കുറവായിരിക്കുകയും എന്നാൽ 25% എങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി |

| | | | |
|---|---|---|---|
| | | | വിഭാഗക്കാരുടെ എണ്ണം 25% താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം. |
| (സി) | പട്ടികജാതി കോളനിയിലേക്കുള്ള പ്രധാന വഴികൾ മറ്റു സ്ഥലങ്ങളിലേക്ക് കൂടി പോകുന്നത് കാരണം ടി വഴി നിർമ്മാണത്തിന് എസ്.സി. ഫണ്ട് ഉപയോഗിക്കുന്നതിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പട്ടികജാതി കോളനിയിലേക്കുള്ള പ്രധാന വഴികളുടെ മാപ്പ് തയ്യാറാക്കി എസ്.സി. ഫണ്ട് വകയിരുത്തുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇപ്രകാരം പദ്ധതി തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ